പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 140 — 21/03/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കുടുംബങ്ങളെ സംബന്ധിച്ച് കിലയുടെ വിവര ശേഖരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | കുമാരി.പി.കെ.ജയലക്ഷ്മി<br><br>(പട്ടികവർഗ്ഗ ക്ഷേമവും<br>യുവജനകാര്യവും<br>കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ കുടുംബങ്ങളെ സംബന്ധിച്ച് കില വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച സ്ഥിതി വിവരം ലഭ്യമായിട്ടുണ്ടോ; | (എ) | ഉണ്ട്<br>ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വേ ഫലങ്ങൾ സമഗ്രമല്ലെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ചില ജില്ലകളിൽ നിന്നും ഇത് സംബന്ധിച്ച വിവര ശേഖരണം നടത്താനാവാത്തതിന്റെ കാരണമെന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച വിശദ വിവരം നൽകാമോ; | (സി) | ഉണ്ട്; തിരുവനന്തപുരം, കോട്ടയം, ഇടുക്കി ജില്ലകളിൽ സർവ്വേ സംബന്ധിച്ച ചില പട്ടികവർഗ്ഗ സമുദായങ്ങളുടെ ധാരണാപിശക് മൂലം ഭാഗികമായേ വിവര ശേഖരണം നടത്താൻ കഴിഞ്ഞിട്ടുള്ളൂ. തുടർന്ന് സർക്കാർ, സമുദായ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സർവ്വേ ഫോറങ്ങളിൽ ചില ഭേദഗതികൾ വരുത്തി സർവ്വേ പുന:രാംഭിക്കുകയും പ്രവർത്തനങ്ങൾ പൂർത്തിയാക്കി-ക്കൊണ്ടിരിക്കുകയുമാണ്. |
| (ഡി) | പട്ടികവർഗ്ഗ കുടുംബങ്ങളിൽ റേഷൻ കാർഡുപോലുമില്ലാത്ത കുടുംബങ്ങളുടെ കണക്ക് പ്രസ്തുത സർവ്വേ പ്രകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ലഭിച്ചിട്ടുണ്ട്, 24, 289 കുടുംബങ്ങൾക്ക് റേഷൻ കാർഡില്ലയെന്ന് കണക്കാ-ക്കിയിട്ടുണ്ട്. |
| (ഇ) | റേഷൻ കാർഡുപോലുമില്ലാത്ത കുടുംബ-ങ്ങൾക്ക് എന്തെങ്കിലും സർക്കാർ ആനുകൂല്യം ലഭിക്കുന്നുണ്ടോ എന്ന കാര്യം | (ഇ) | ഓണക്കാലത്ത് പട്ടികവർഗ്ഗ കുടുംബ-ങ്ങൾക്ക് സർക്കാർ സൗജന്യമായി നൽകുന്ന അരി, റേഷൻ കാർഡില്ലാത്ത |

| | | | |
|---|---|---|---|
| | അന്വേഷിക്കുമോ; റേഷൻ കാർഡ് നൽകാതിരിക്കാനുള്ള സാഹചര്യം അന്വേഷിക്കുമോ; | | പട്ടികവർഗ്ഗക്കാർക്കും നൽകുന്നുണ്ട്. സ്വന്തമായി റേഷൻ കാർഡില്ലാത്ത പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗത്തിനും കുടുംബ കാർഡിൽ പേരുൾപ്പെട്ടിട്ടുണ്ട്. എന്നാൽ സ്വന്തമായി വീടു ഉള്ളവരിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും വീട്ട് നമ്പർ യഥാസമയം ലഭിക്കാത്തത് റേഷൻ കാർഡ് ലഭ്യമാകാൻ തടസ്സമാകുന്നുണ്ട്. |
| (എഫ്) | കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികവർഗ്ഗ ക്ഷേമത്തിന് എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | എഫ് | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 13021.58 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം (2010-11) പട്ടികവർഗ്ഗ ക്ഷേമത്തിനായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ